ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂസിലൻഡിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

   **President Droupadi Murmu addresses New Zealand International Education conference in Wellington; Says education is a medium of social transformation and nation building**

2. പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വക്കഫ് ഭേദഗതി ബിൽ ലോക്സഭയിൽ ഇന്ന് അവതരിപ്പിക്കും.

   **The Waqf (Amendment) Bill, 2024 is scheduled to be introduced in the Lok Sabha today. Minority Affairs Minister Kiren Rijiju will move the Bill.**

3. വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച സന്ദർശിക്കും.

   **Prime Minister Narenda Modi will visit the landslide affected areas in Wayanad on Saturday.**

4. അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായ ഒൻപതാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

   **The Reserve Bank of India today decided to keep the policy rate unchanged for the ninth time in a row. Repo rate will remain unchanged at 6.5 per cent**

5. പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയും ¬മുതിർന്ന സിപിഐഎം നേതാവുമായ ബുദ്ധദേബ് ഭട്ടാചാര്യ അന്തരിച്ചു.

   **Former West Bengal Chief Minister and Senior CPI(M) leader Buddhadeb Bhattacharjee passes away.**

6. ഒളിമ്പിക്സ് ജാവലിൻ ത്രോയിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്നിറങ്ങും.

   **India's Neeraj Chopra will take part in Paris Olympics Javelin Throw final today.**

==================================

## PRESIDENT

ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂസിലൻഡിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്തു. രാഷ്ട്ര നിർമാണത്തിനും, സാമൂഹിക പരിവർത്തനത്തിനുമുള്ള മാധ്യമമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീമതി മുർമു വ്യക്തമാക്കി. ന്യൂസിലൻഡ് ഗവർണർ ജനറൽ സിൻഡി കിറോയുമായും, പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായും രാഷ്ട്രപതി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. വെല്ലിങ്ടൺ റെയിൽവേ സ്റ്റേഷനിലെ മഹാത്മാഗാന്ധി പ്രതിമയിൽ ശ്രീമതി മുർമു ഇന്ന് പുഷ്പാർച്ചന

നടത്തി. വെല്ലിങ്ടണിലെ യുദ്ധസ്മാരകത്തിലും രാഷ്ട്രപതി ആദരമർപ്പിച്ചു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, എംപിമാരായ സൗമിത്ര സെൻ, ജുഗൽ കിഷോർ ശർമ എന്നിവർ ഒപ്പമുണ്ടായിരുന്നു. ഓക്ക്-ലൻഡിലെ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. ഫിജി സന്ദർശനത്തിന് ശേഷം ന്യൂസിലൻഡിലെത്തിയ ശ്രീമതി മുർമു മറ്റന്നാൾ തിമോർ - ലെസ്റ്റെയും സന്ദർശിക്കും.

==============================

## LS - WAQF BILL

വക്കഫ് ഭേദഗതി ബിൽ, 2024 ലോക്സഭയിൽ ഇന്ന് അവതരിപ്പിക്കും. 1995 ലെ വക്കഫ് നിയമം ഭേദഗതി ചെയ്യുന്ന ബിൽ കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജുവായിരിക്കും സഭയിൽ അവതരിപ്പിക്കുക. സംസ്ഥാന വക്കഫ് ബോർഡുകളുടെ അധികാരം, പ്രവർത്തനം, സ്വത്തുവകകളുടെ രജിസ്ട്രേഷൻ, സർവേ തുടങ്ങിയവ സംബന്ധിച്ചതാണ് പ്രസ്തുത ബിൽ. ബിൽ കൊണ്ടുവരുന്നതിന് മുൻപ് സർവകക്ഷി യോഗം വിളിച്ച് അഭിപ്രായങ്ങൾ ആരായണമെന്ന് കോൺഗ്രസ് ആവശ്യം മുന്നോട്ട് വച്ചു. ബില്ലിലെ തീരുമാനങ്ങൾ ബാധകമാകുന്ന സ്ഥാപനങ്ങളിൽ നിന്നും അഭിപ്രായം ആരായണമെന്ന് കോൺഗ്രസ് എംപി പ്രമോദ് തിവാരി പറഞ്ഞു. ബില്ലിനെ എതിർക്കുമെന്ന് സമാജ് വാദി എംപി രാജീവ് കുമാർ റായ് മാധ്യമങ്ങളോട് പറഞ്ഞു. ബിൽ സ്റ്റാൻഡിങ് കമ്മിറ്റിയ്ക്ക് വിടണമെന്ന് എൻസിപി ശരദ് പവാർ വിഭാഗം എംപി സുപ്രിയ സുലേ ആവശ്യപ്പെട്ടു. എന്നാൽ ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനാണ് ബിൽ കൊണ്ടുവരുന്നതെന്ന നിലപാടാണ് ബി.ജെ.പിയ്ക്കുള്ളത്.

==============================

## LS BILL

ദുരന്ത പ്രതികരണ ഭേദഗതി ബിൽ 2024 ഉം ഇന്ന് ലോക്സഭ പരിഗണിക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായാണ് ബിൽ

അവതരിപ്പിക്കുക. 2005 ലെ ദുരന്ത പ്രതികരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതാണ് പുതിയ ബിൽ. പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

==================================

## PARL - OPPOSITION

ഉള്ളിയുടെയും ഉരുളക്കിഴങ്ങിന്റെയും വിലക്കയറ്റത്തിൽ പ്രതിപക്ഷ എംപിമാർ പാർലമെന്റിന് പുറത്ത് പ്രതിഷേധിച്ചു. കർഷകരുടെ ഉൽപന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എംപി പ്രമോദ് തിവാരി, ശിവസേന എംപി പ്രിയങ്ക ചതുർവേദി, തൃണമൂൽ കോൺഗ്രസ് എംപി ഡെറക് ഒബ്രിയാൻ, ആർജെഡി എംപി മനോജ് കുമാർ ഝാ, തുടങ്ങിയ നേതാക്കളാണ് പ്രതിഷേധം നടത്തിയത്.

==================================

## RS- OPPOSITION

പാരിസ് ഒളിമ്പിക്സിൽ വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ട വിഷയം ഉന്നയിച്ച് പ്രതിപക്ഷ പാർട്ടികൾ രാജ്യസഭയിൽ നിന്നും ഇറങ്ങിപോയി. രാവിലെ സഭ സമ്മേളിച്ചപ്പോൾ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടെങ്കിലും രാജ്യസഭാ അധ്യക്ഷൻ അനുമതി നൽകിയില്ല. തുടർന്ന് കോൺഗ്രസ്, തൃണമൂൽ , ഡിഎംകെ, ആർജെഡി ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപോവുകയായിരുന്നു. പ്രതിപക്ഷ അംഗങ്ങളുടെ പെരുമാറ്റത്തെ രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ വിമർശിച്ചു. വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയതിൽ രാജ്യം മുഴുവൻ വേദനിക്കുകയാണെന്നും അതിനെ രാഷ്ട്രീയവത്കരിക്കുന്നത് താരത്തോടുള്ള അനാദരവാണെന്നും ശ്രീ ധൻഖർ പറഞ്ഞു.

===================================

## WAYANAD – PM

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച സന്ദർശിക്കും. ഉച്ചയോടെ കൽപ്പറ്റയിലെത്തുന്ന അദ്ദേഹം, വ്യോമനിരീക്ഷണവും നടത്തും. പ്രധാനമന്ത്രിയുടെ സന്ദർശനത്തെ സ്വാഗതം ചെയ്യുന്നതായി മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഉരുൾപ്പൊട്ടൽ ദേശീയ ദുരന്തമായി പ്രധാനമന്ത്രി പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി വയനാട്ടിൽ പറഞ്ഞു. അതേസമയം, ദുരന്തമേഖലയിലെ തെരച്ചിൽ നടത്തിയ സൈന്യത്തിന്റെ ഒരു സംഘം മടങ്ങി. ദുരന്ത മേഖലയിൽ സൈന്യം നൽകിയ പിന്തുണയ്ക്കും സേവനത്തിന് നന്ദി അറിയിക്കുന്നതായി മന്ത്രി മുഹമ്മദ് റിയാസ് യാത്രയയപ്പ് ചടങ്ങിൽ പറഞ്ഞു. ജില്ലാ ഭരണകൂടം സൈന്യത്തിന് ആദരവും നൽകി. ആകാശമാർഗമുള്ള തെരച്ചിൽ സംഘവും ബെയ്‌ലി പാലത്തിന്റെ ചുമതലയുള്ള സൈനിക സംഘവും വയനാട്ടിൽ തുടരും. നാളെ മുതൽ ദുരന്തഭൂമിയിൽ പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തി തിരച്ചിൽ ഊർജ്ജിതമാക്കുമെന്ന് മന്ത്രി കെ. രാജൻ വ്യക്തമാക്കി.

===================================

## RBI

രാജ്യത്തെ അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായ ഒൻപതാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിലനിർത്താൻ ആർബിഐയുടെ ദ്വൈമാസ ധനനയ അവലോകന സമിതിയോഗം തീരുമാനിച്ചു. സ്റ്റാൻഡിങ് ഡെപോസിറ്റ് ഫെസിലിറ്റി 6.25 ശതമാനമായും, മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റിയും ബാങ്ക് നിരക്കും 6.75 ശതമാനവുമായി തുടരും. രാജ്യത്തെ ആഭ്യന്തര

സാമ്പത്തിക പ്രവർത്തനങ്ങൾ നിലവിലെ വേഗത തുടരുമെന്നും, വർദ്ധിച്ച നിക്ഷേപ ആവശ്യവും, ഉപഭോഗവും ഇതിന് ശക്തി പകരുമെന്നും ആർ.ബി.ഐ ഗവർണർ ശക്തികാന്തദാസ് അറിയിച്ചു. 2024-25 ലെ രാജ്യത്തിൻറെ ജി.ഡി.പി വളർച്ച 7.2 ശതമാനമായിരിക്കുമെന്നും ആർ.ബി.ഐ വിലയിരുത്തി.

=================================

## WB-FORMER CM DIED

പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ ബുദ്ധദേബ് ഭട്ടാചാര്യ അന്തരിച്ചു. 80 വയസായിരുന്നു. കൊൽക്കത്തയിലെ വസതിയിൽ ആയിരുന്നു അന്ത്യം. അനാരോഗ്യത്തെത്തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു. 2000 മുതൽ 2011 വരെ പശ്ചിമ ബംഗാളിന്റെ മുഖ്യമന്ത്രിയായിരുന്നു . സംസ്ഥാനത്തെ 34 വർഷത്തെ ഇടതുമുന്നണി ഭരണത്തിൽ തുടർച്ചയായി 11 വർഷം അധികാരത്തിലിരുന്ന മുഖ്യമന്ത്രി കൂടിയായിരുന്നു അദ്ദേഹം. 2011 നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും രാഷ്ട്രീയത്തിൽ സജീവമായിരുന്നു ബുദ്ധദേബ് ഭട്ടാചാര്യ. ശാരീരിക ബുദ്ധിമുട്ടുകളെത്തുടർന്ന് 2015ൽ അദ്ദേഹം, സിപിഐഎം പോളിറ്റ് ബ്യൂറോ, കേന്ദ്ര കമ്മിറ്റി സ്ഥാനങ്ങൾ ഒഴിഞ്ഞു. ബംഗാളിഭാഷയിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം ശ്രദ്ധേയമായ സാഹിത്യപഠനങ്ങളും വിവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

=================================

## HARJI- HC

2021- ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ മണ്ഡലത്തിലെ മുസ്ലീം ലീഗ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ വിജയം ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി തള്ളി. എതിർ സ്ഥാനാർത്ഥിയായിരുന്ന കെ.പി മുഹമ്മദ് മുസ്തഫ നൽകിയ ഹർജിയാണ് കോടതി തള്ളിയത്.

38 വോട്ടുകൾക്കായിരുന്നു നജീബ് കാന്തപുരം ജയിച്ചത്. ഹർജി കോടതി തള്ളിയതോടെ നജീബ് കാന്തപുരം എം.എൽ.എ ആയി തുടരും.

==============================

## OLYMPICS

ഒളിമ്പിക്സ് ജാവലിൻ ത്രോയിൽ രാത്രി നടക്കുന്ന മത്സരത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ നീരജ് ചോപ്ര ഇന്ന് മത്സരിക്കും. പുരുഷ ഹോക്കിയിൽ വെങ്കല മെഡലിനായുള്ള മത്സരത്തിൽ ഇന്ത്യൻ ടീം ഇന്ന് സ്പെയിനുമായി ഏറ്റുമുട്ടും. വൈകുന്നേരം 5.30 നാണ് മത്സരം. അത്‌ലറ്റിക്സിൽ വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യാരാജിയും പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ അമാനും മത്സരിക്കും. ഇതേ ഇനത്തിൽ വനിതകളുടെ മത്സരത്തിൽ അൻഷുവും മത്സരിക്കുന്നുണ്ട്. ഗോൾഫിൽ വനിതകളുടെ സ്ട്രോക് പ്ലേ രണ്ടാം റൗണ്ട് മത്സരം പുരോഗമിക്കുന്നു.

==============================

## VINESH

പാരീസ് ഒളിമ്പിക്സിൽ അയോഗ്യതയെ തുടർന്ന് മെഡൽ നഷ്ടമായ ഇന്ത്യൻ താരം വിനേഷ് ഫോഗട്ട് ഗുസ്തിയിൽ നിന്നും വിടപറയുന്നതായി സമൂഹമാധ്യമത്തിൽ കുറിച്ചു. 50 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഫൈനലിലെത്തിയ വിനേഷിന്, ഭാരപരിശോധനയിൽ നൂറ് ഗ്രാം അധികഭാരം കണ്ടെത്തിയതായി പറഞ്ഞാണ് ഇന്നലെ അയോഗ്യയാക്കിയത്. ഒളിമ്പിക് ഗുസ്തി ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ വനിതാ താരമായിരുന്നു വിനേഷ് ഫോഗട്ട്.

==============================

## BANGLADESH- OATH

ബംഗ്ലാദേശിൽ നോബൽ പുരസ്കാര ജേതാവ് മുഹമ്മദ് യൂനുസിൻറെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. സൈനിക തലവൻ ജനറൽ വക്കാർ ഉസ് സമൻ ഇന്നലെ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. രാജ്യത്തെ സ്ഥിതിഗതികൾ എത്രയും വേഗം പൂർവസ്ഥിതിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി രാജ്യത്ത് അക്രമങ്ങൾ നടത്തിവരുന്നവർക്ക് തക്ക ശിക്ഷ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

==================================

## BSF

ത്രിപുരയിലെ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിലെ സ്ഥിതിഗതികൾ ബിഎസ്എഫ് ഡയറക്ടർ ജനറൽ ദൽജിത് സിംഗ് ചൗധരി വിലയിരുത്തി. ബംഗ്ലാദേശിലെ കലാപങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു സന്ദർശനം. ബിഎസ്എഫ് ഉന്നത ഉദ്യോഗസ്ഥരുമായി അദ്ദേഹം ഇന്നലെ ചർച്ച നടത്തിയിരുന്നു.

==================================

## ISRO

ഐ.എസ്.ആർ.ഒ ഇന്ത്യയുടെ ചെറു ഉപഗ്രഹ വിക്ഷേപണ വാഹനത്തിൻറെ മൂന്നാമത്തെയും അവസാനത്തെയും പരീക്ഷണ വിക്ഷേപണം സ്വാതന്ത്ര്യദിനത്തിൽ ശ്രീഹരിക്കോട്ടയിൽ നിന്നും നടക്കും. **SSLV** ഉപയോഗിച്ച് 175.5 കിലോഗ്രാം ഭാരമുള്ള ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS -08 ആയിരിക്കും ഭ്രമണപഥത്തിൽ എത്തിക്കുക. ദുരന്ത പ്രവചനത്തിന് ശേഷിയുള്ള പേലോഡുകൾ ഉൾപ്പെട്ടതാണ് EOS-08 ഉപഗ്രഹം. കുറഞ്ഞ

ചെലവിൽ നിരവധി ചെറു ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ എത്തിക്കാം എന്നതാണ് SSLV യുടെ പ്രത്യേകത.

===================================

## SAUDI ARABIA HAMAS

ഹമാസ് നേതാവ് ഇസ്മായിൽ ഹനിയയുടെ വധത്തെ പരസ്യമായി അപലപിച്ച് സൗദി അറേബ്യ. ടെഹ്റാനിൽ വച്ച് ഹനിയേയെ കൊലപ്പെടുത്തിയത് ഇറാന്റെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് സൗദി ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി വലീദ് അൽ ഖുറൈജി വിമർശിച്ചു. എതെങ്കിലും രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നത് അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. വിഷയത്തിലെ സൗദിയുടെ ആദ്യത്തെ ഔദ്യോഗിക പ്രതികരണമാണിത്. മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളുടെ കൂട്ടായ്മയായ ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷന്റെ യോഗത്തിലാണ് സൗദിയുടെ പ്രസ്താവന.

==================================

=====================

=======